മലയാളത്തിലെ ആദ്യ ആർക്കിടെക്ചർ മാഗസിൻ

# ഡിസൈനർ + ബിൽഡർ

DESIGNER + BUILDER

2024 September | Vol. 21 | Issue 232 | Price ₹ 60/-




- ആർക്കിടെക്ചർ പുഴ കണ്ടുണരുന്ന വീട് ത്രീഡോർ കോൺസെപ്റ്റ്സ്, കണ്ണൂർ
- ഇന്റീരിയർ ലാളിത്യം മിഴിവേകുന്ന വസതി സു.എൻ സ്റ്റുഡിയോ, മലപ്പുറം
- ഡ്രീം ഹോം ഹരിശ്രീ കൺസേൺ ആർക്കിടെക്ചറൽ കൺസൾട്ടന്റ്സ്, കോഴിക്കോട്
- ഡ്രീം ഹോം രാജകീയ പ്രൗഢിയോടെ ഡി ഡോട്ട് ആർക്കിടെക്ചർ & ഇന്റീരിയർ, കോഴിക്കോട്
- ഡ്രീം ഹോം പ്രായോഗികതയുടെ ഉദാത്ത മാതൃക ദി ബിൽഡിങ് കോൺട്രാക്ടർ, കൊച്ചി
- ഇൻസ്റ്റിറ്റ്യൂഷണൽ ബിൽഡിങ് ആത്മീയതയുടെയും സുസ്ഥിര രൂപകൽപ്പനയുടെയും സമന്വയം
- ലാൻഡ്സ്കേപ്പ് ലാൻഡ്സ്കേപ്പല്ല, ഫ്ളവർസ്കേപ്പ്
- ലൗഡ് പേപ്പർ വയനാട് ദുരന്തം: ആലസ്യം വിട്ടുണരാം ഡോ. മനോജ് കുമാർ കെ

# പ്രായോഗികതയുടെ ഉദാത്ത മാതൃക

സുചിന്തിതമായ ഘടനയും അത്യാധുനിക സ്ട്രക്ചറൽ ഘടകങ്ങളും ഇഴ ചേർന്ന വീട്



ടെക്സ്റ്റ്: **ടീം ഡിസൈനേർ**
ഫോട്ടോഗ്രഫി: **അരുൺ ചോറ്റാനിക്കര**

എറണാകുളം ജില്ലയിലെ തൃപ്പൂണിത്തുറയിലുള്ള ഗാന്ധി സ്ക്വയറിൽ പ്രധാന പാതയ്ക്ക് അഭിമുഖമായി നെടുനീളത്തിൽ കിടക്കുന്ന 8 സെന്റ് പ്ലോട്ടിലാണ് `സാൻപ്ര പ്രണവം' എന്ന വീട് സ്ഥിതി ചെയ്യുന്നത്. പ്രണവ് പ്രദീപും ഭാര്യയും മാതാപിതാക്കളുമടങ്ങുന്ന പ്രവാസി കുടുംബമാണ് ഈ വീടിന്റെ ഉടമസ്ഥർ. മാതാപിതാക്കളുടെയും ഗൃഹനാഥന്റെയും പേരുകളായ സനീഷ, പ്രദീപ്, പ്രണവ് എന്നിവയിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് ഈ പേര്. അങ്ങേയറ്റം ക്രിയാത്മകവും അതീവ മനോഹരവുമായ ഈ വീടിന്റെ ദർശനം വടക്കോട്ടാണ്. സ്ട്രക്ചറൽ എഞ്ചിനീയറായ അപ്പൂസ് സി.ബിയും, സിവിൽ എഞ്ചിനീയറായ അക്ഷയ് ആന്റണി കെ.കെ യുമാണ് (ദി ബിൽഡിങ് കോൺട്രാക്ടർ, കൊച്ചി) ട്രോപ്പിക്കൽ മിനിമം ശൈലി പിന്തുടരുന്ന ഈ വസതിയുടെ ആർക്കിടെക്ചറൽ ഡിസൈനിങ്ങും അകത്തളാലങ്കാരവും നിർവഹിച്ചത്.

കൊച്ചിയിൽ പ്രവർത്തിക്കുന്ന WVA കൺസൽട്ടിങ് എഞ്ചിനിയേഴ്സാണ് ഈ പ്രോജക്റ്റിന്റെ സ്ട്രക്ചറൽ എഞ്ചിനീയർ. കൊച്ചിയിലുള്ള കാസ സൊല്യൂഷൻസ്, ആണ് കബോർഡു



അപ്പൂസും അക്ഷയും

*വീട്ടുകാരിലും അതിഥികളിലും നവോന്മേഷം നിറയ്ക്കുന്ന വർണ്ണങ്ങൾ ചാലിച്ചും ഡിസൈൻ എലമെന്റുകൾ ഉൾപ്പെടുത്തിയും ഒരുക്കി എന്നതാണ് ഈ പ്രോജക്റ്റിന്റെ പ്രധാന സവിശേഷത. സാൻഡ് പൈലിങ് സാങ്കേതിക വിദ്യ ഉപയോഗിച്ച് മണ്ണ് ബലപ്പെടുത്തിയതിനു ശേഷം സ്ട്രിപ്പ് ഫുട്ടിങ് രീതിയിലാണ് കോളം ഫ്രെയിംഡ് ബീം സ്ട്രക്ചറുള്ള ഈ വീടിന്റെ അടിത്തറ കെട്ടിയത്.*



**ഫ്രണ്ട് എലിവേഷനിലെ കാന്റിലിവർ സ്ട്രക്ചറുകളുടെ സാന്നിധ്യം ഈ വീടിന്റെ ലളിത മനോഹാരിതയ്ക്ക് മാറ്റുകൂട്ടുന്നുണ്ട്**



< **എക്സ്റ്റീരിയർ:** മെറ്റൽ ഫ്രെയിം, വുഡൻ ലൂവറുകൾ, ഷോ വാളിലെ ആർക്കി കോൺക്രീറ്റ് ഗ്രേ കളർ ടെക്സ്ചർ എന്നിവയാണ് പുറം കാഴ്ചയിൽ എടുത്തു നിൽക്കുന്നത്. റിവോൾവിങ് ടൈപ്പ് സ്ലൈഡിങ് ഫോൾഡിങ് വെഹിക്കുലാർ ഗേറ്റിലൂടെ എന്ന പോലെ പെഡസ്ട്രിയൻ ഗേറ്റിലൂടെയും വീട്ടിലേക്ക് കടക്കാം. അഞ്ച് പടവുകളുള്ള ചെറു ഗോവണി കടന്ന് പൂമുഖത്തേക്കും കാർപോർച്ചിന്റെ വശത്തുള്ള റാമ്പിലൂടെ ഡൈനിങ്ങിലേക്കും പ്രവേശിക്കാം. പേവിങ് ടൈൽ പാകി പുല്ലുപിടിപ്പിച്ചാണ് മുൻ മുറ്റം ഭംഗിയാക്കിയത്. തേക്കിൻ തടിയിൽ തീർത്ത ഒന്നര മീറ്റർ ഉയരമുള്ള പൂമുഖവാതിലിന് ഇരുവശത്തും ഫിക്സഡ് ഗ്ലാസ് ജനാലകൾ നൽകിയതും ശ്രദ്ധേയം തന്നെ.

കൾ, വാൾഡ്രോപ്പുകൾ, കിച്ചൻ ക്യാബിനറ്റുകൾ, ബെഡുകൾ എന്നിവയുടെ നിർമ്മാണം അടക്കമുള്ള കാർപെന്ററി ജോലികൾ പൂർത്തീകരിച്ചത്. ലിവിങ്, ഡൈനിങ്, രണ്ട് കിച്ചനുകൾ, ബാർ ഏരിയ, നാല് ബാത് അറ്റാച്ച്ഡ് ബെഡ് റൂമുകൾ, സർവെന്റ്സ് ടോയ്‌ലറ്റ്, ജിംനേഷ്യം, പാഷ്യോ, ബാർ കൗണ്ടർ, മത്സ്യക്കുളം, ചെറു വെള്ളച്ചാട്ടം, മുകൾ നിലയിൽ ഒരു പാർട്ടി ഏരിയ എന്നിവ 3300 സ്ക്വയർ ഫീറ്റിൽ ഉൾക്കൊള്ളിക്കുക എന്നതായിരുന്നു ഡിസൈൻ വേളയിൽ നേരിട്ട പ്രധാന വെല്ലുവിളി. ഇതിനൊപ്പം മൂന്ന് കാറുകൾക്കുള്ള പാർക്കിങ് സൗകര്യവും വീടിന്റെ നാല് വശങ്ങളിലും സുഗമമായി നടക്കാനുള്ള സൗകര്യവും പിൻവശത്ത് ഒരു പൂന്തോട്ടവും ഉണ്ടാകണമെന്നും കൂടി ഇവർ പറഞ്ഞു വെച്ചിരുന്നു. മുൻപ് ഈ പ്ലോട്ടിനു പുറകിലൂടെ പുഴ ഒഴുകിയിരുന്നത് പരിഗണിച്ച് മണ്ണ് പരിശോധിച്ചപ്പോൾ 15 മീറ്റർ താഴ്ചയിൽ വരെ ചെളിയാണ് കണ്ടെത്തിയത്. അതിനാൽ സാൻഡ് പൈലിങ്



< **പൂമുഖം:**
പഴയകാല കേരളീയ ഭവനങ്ങളിലെ അരഭിത്തിയുടെ മാതൃകയിൽ കാന്റിലിവേർഡ് സ്റ്റീലിൽ തീർത്ത് തേക്ക് ഫിനിഷിൽ ഓട്ടോമോട്ടീവ് പെയിന്റ് ചെയ്ത് ഹൈലൈറ്റ് ചെയ്ത ഇൻബിൽറ്റ് ഇരിപ്പിടവും ഇൻബിൽറ്റ് ഷൂറാക്കുമാണ് പൂമുഖത്ത് ഉള്ളത്. സ്ഥലവിനിയോഗത്തിന്റെ ഉദാത്ത മാതൃക കൂടിയാണിത്. ഒന്നര മീറ്റർ ഉയരത്തിൽ തേക്കിൻ തടിയിൽ തീർത്തതും ഇരുപാളികൾ ഉള്ളതുമായ പൂമുഖ വാതിലിന്റെ വശങ്ങളിൽ മുഴുനീളത്തിൽ ഫിക്സഡ് ഗ്ലാസ് ജനാലകൾ നൽകിയതും ശ്രദ്ധേയമാണ്.

**ഫോർമൽ ലിവിങ്:**
ടെക്സ്ചർ പെയിന്റ് ചെയ്ത് വുഡൻ സ്ട്രിപ്പുകളും ലെഡ്ജുകളും നൽകിയും കസ്റ്റംമെയ്ഡ് ക്ലോക്ക് ഉൾപ്പെടുത്തിയും ഹൈലൈറ്റ് ചെയ്തിട്ടുള്ള ഇരിപ്പിടത്തിന് എതിർവശത്തെ ഭിത്തിയും ഫോർമൽ ലിവിങ്ങിനെ ഡൈനിങ്ങിൽ നിന്ന് പ്രതീകാത്മകമായി വേർതിരിക്കുന്ന വെർട്ടിക്കൽ പർഗോള മാതൃകയിലുള്ള ണജഇ ലൂവറുകളും മുഴുനീള ജനാലയും മെറ്റൽ വെനീർ കോമ്പിനേഷനിൽ ഒരുക്കിയ ക്യൂരിയോസ് മൊഡ്യൂളുമാണ് ഇവിടുത്തെ ഡിസൈൻ എലമെന്റുകൾ. മെറ്റൽ വിട്രിഫൈഡ് ടൈൽ കോമ്പിനേഷനിലുള്ള ട്വിൻ കോഫി ടേബിളും ഫാബ്രിക് ഫിനിഷ് സോഫയും ആണ് ഫർണിച്ചർ ആയി വരുന്നത്.
V







< **പ്രെയർ ഏരിയ:**
ടെകസ്ചർ പെയിന്റ്, വുഡൻ സ്ട്രിപ്പുകൾ വെനീർ പാനലുകൾ എന്നിവയാണ് ഫോർമൽ ലിവിങ്ങിന്റെ എതിർ വശത്തെ ഭിത്തിയിൽ ക്രമീകരിച്ച പ്രെയർ ഏരിയയ്ക്ക് അലങ്കാരമാകുന്നത്.

സാങ്കേതികവിദ്യ ഉപയോഗിച്ച് മണ്ണ് ബലപ്പെടുത്തുകയായിരുന്നു. അതിനുശേഷം സ്ട്രിപ്പ് ഫുട്ടിങ് രീതിയിൽ അടിത്തറ കെട്ടിയാണ് വീടിന്റെ അടിത്തറ ബലപ്പെടുത്തിയത്. കോളം ഫ്രെയിംഡ് ബീം സ്ട്രക്ചർ ആണ് ഈ വീടിന്റേത്. ഗൃഹനാഥന് `A' ഫ്രെയിം രൂപത്തിലുള്ള എലിവേഷനും അമ്മയ്ക്ക് ബോക്സ് മാതൃകയുമായിരുന്നു താൽപര്യം. ഇത് രണ്ടും സമന്വയിച്ചപ്പോഴാണ് എലിവേഷൻ ഇത്തരത്തിൽ ആയത്. സ്റ്റീൽ ഉപയോഗിച്ച് 45 ഡിഗ്രി ചരിവിൽ `A' ഫ്രെയിം രൂപത്തിൽ ഒരുക്കിയ മേൽക്കൂര പരമാവധി സ്ഥല ഉപയുക്തതയ്ക്കൊപ്പം മികച്ച വായു സഞ്ചാരവും സൂര്യപ്രകാശവും ഉറപ്പാക്കുന്നുണ്ട്. ഓടെന്ന പ്രതീതി ഉണർത്തുന്ന ഈടുറ്റ റൂഫിങ് ഷീറ്റ് കൊണ്ടുള്ള മേൽക്കൂരയുള്ള സ്വകാര്യ പൂമുഖമാണ്





∧

**ഡൈനിങ്:**

വിട്രിഫൈഡ് ടൈൽ ടോപ്പ് ടേബിളും വുഡൻ ചെയറുകളും ഉൾപ്പെടുത്തിയ ഡബിൾ ഹൈറ്റ് ഡൈനിങ്. സ്കൈലിറ്റ് പർഗോളയാണ് സീലിങ്ങിലുള്ളത്. ഭിത്തിയിലും സീലിങ്ങിലും വുഡൻ പാനലിങ് ചെയ്തും ക്യൂരിയോസ് മോഡ്യൂൾ സ്ഥാപിച്ചുമാണ് ഡൈനിങ്ങിൽ നിന്ന് കിടപ്പുമുറികളിലേക്ക് നയിക്കുന്ന പാസേജ് ഹൈലൈറ്റ് ചെയ്തത്. ടൈൽ ക്ലാഡിങ് ചെയ്തും ബ്രാസ് ഫിനിഷ് വാഷ് ബേസിൻ ഉൾപ്പെടുത്തിയും ഹൈലൈറ്റ് ചെയ്ത വാഷ് ഏരിയയും ക്യൂരിയോസ് മോഡ്യൂളും ആണ് ഡൈനിങ്ങിന്റെ പിൻവശത്തെ ഭിത്തിയിൽ ഉള്ളത്. ഈ ഭിത്തിയുടെ ഡബിൾ ഹൈറ്റ് പോർഷൻ ഫാൻസി സ്റ്റോൺ സ്ഥാപിച്ചും ടെക്സ്ചർ ഫിനിഷും വുഡൻ സ്ട്രിപ്പുകളും ഉൾപ്പെടുത്തിയും ആകർഷകമാക്കിയിട്ടുണ്ട്.







ˆ
**ഗോവണി:**
വുഡ് ഗ്രെയിൻ ക്വാർട്ട്സ് ഉപയോഗിച്ച് നിർമ്മിച്ച പടവുകളിൽ കൺസീൽഡ് ലൈറ്റിങ് ചെയ്തൊരുക്കിയ ഗോവണിയും സമീപത്തുള്ള പെബിൾ കോർട്ടും.


`A' ഫ്രെയിമിനകത്തുള്ളത്. ഇതിന് പിന്നിലെ ഓപ്പൺ ടെറസിൽ സ്വകാര്യ ചടങ്ങുകൾ നടത്തുന്നതിനുള്ള ക്രമീകരണവും ചെയ്തിട്ടുണ്ട്. മിതത്വത്തിന്റെ ചാരുത വിളിച്ചോതുന്ന ഈ വസതിയുടെ പുറം കാഴ്ചയിൽ വൈറ്റ്, ഗ്രേ നിറങ്ങളുടെയും തേക്കിൻതടിയുടെയും ചാരുതയാണ് നിറയുന്നത്. മുകൾ നിലയിലെ മാസ്റ്റർ ബെഡ്റൂമടക്കം കാന്റിലിവർ ചെയ്ത് ഒരുക്കിയ സ്പേസുകളാണ് ഈ വീടിന്റെ ഹൈലൈറ്റ്. കാന്റിലിവർ ചെയ്ത കിടപ്പുമുറിയുടെ മേൽക്കൂരയുടെ താഴെയാണ് പ്രധാന കാർപോർച്ച് പണിതിട്ടുള്ളത്. ഇവിടെ രണ്ട് കാറുകളും മുൻവശത്തുള്ള ഗസ്റ്റ് പോർച്ചിൽ മൂന്നാമത് ഒരു കാറും പാർക്ക് ചെയ്യാവുന്നതാണ്. സ്വിങ് ബെഡ് ഉൾപ്പെടുത്തിയ സ്വകാര്യ പൂന്തോട്ടമാണ് കാർപോർച്ചിന് പിന്നിലുള്ളത്. സമീപഭാവിയിൽ ലിഫ്റ്റ് നിർമ്മിക്കുന്നതിനായി നീക്കിവെച്ച സ്ഥലം ഗോവണിക്ക്



< **പാഷ്യോ:**
വുഡൻ ലൂവറുകളുടെ പശ്ചാത്തലത്തിൽ മാർബിൾ പ്രതലത്തിൽ സ്ഥിതിചെയ്യുന്ന ബുദ്ധ പ്രതിമ, മത്സ്യക്കുളം, ചെറുവെള്ളച്ചാട്ടം എന്നിവ പ്രത്യേക ഗേറ്റ് നൽകി സുരക്ഷിതമാക്കിയ പാഷ്യോയുടെ ഭാഗമാണ്. കടപ്പക്കല്ലുകൾ പാകിയും പുൽത്തകിടി ഒരുക്കിയും ആകർഷകമാക്കിയ നടപ്പാതയും ഇവിടെയുണ്ട്.







ക്വാർട്ട്സ് ടോപ്പും വെനീർ ഫിനിഷ് ക്വാബിനറ്റുകളും ഉള്ള ബാർ കൗണ്ടർ. >

സമീപമുള്ള കോർട്ട്യാർഡായാണ് ഇപ്പോൾ പ്രയോജനപ്പെടുത്തുന്നത്. ലാൻഡ് സ്കേപ്പിൽ നിന്ന് ആരംഭിക്കുന്ന പടവുകൾ കയറിയും വീൽചെയർ റാമ്പിലൂടെയും വീട്ടിലേക്ക് എത്താം. വീട്ടമ്മയുടെ പ്രത്യേക നിർദേശപ്രകാരം പടിഞ്ഞാറു വശത്തെ പാഷ്യോയിൽ ഒരുക്കിയ മത്സ്യക്കുളത്തിന്റെയും ജലാശയത്തിന്റെയും ചെറുവെള്ളച്ചാട്ടത്തിന്റെയും സാന്നിധ്യം വീടിന് സ്വച്ഛശാന്തമായ ഒരു ഭാവം നൽകുന്നുണ്ട്. ലിവിങ് റൂമിന്റെ ജനൽ തുറന്നാൽ കാണത്തക്ക വിധം ഒരു ബുദ്ധപ്രതിമയും ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. പിൻമുറ്റം പൂന്തോട്ടത്തിനായാണ് നീക്കി വെച്ചിട്ടുള്ളത്. റോഡ് ലെവലിൽ നിന്ന് 30 സെന്റീമീറ്റർ ഉയരത്തിൽ



< **മാസ്റ്റർ ബെഡ്റൂം 1:**
ബേ വിൻഡോ ഉൾപ്പെടുത്തിയ താഴത്തെ നിലയിലെ മാസ്റ്റർ ബെഡ്റൂം. ഭിത്തിയിൽ നിഷുകൾ നൽകിയതിനൊപ്പം ലോഫ്റ്റ് സ്പേസിലും ബേ വിൻഡോയ്ക്ക് താഴെയും സ്റ്റോറേജ് സൗകര്യം ഒരുക്കിയിട്ടുണ്ട്. പ്രത്യേക ഡ്രസിങ് ഏരിയ, ടിവി യൂണിറ്റ് എന്നിവയും ഈ കിടപ്പുമുറി യുടെ ഭാഗമാണ്.



< **മാസ്റ്റർ ബെഡ്റൂം 2:**
വുഡൻ ടൈൽ ഫ്ളോറിങ്ങോടെ ബേവിൻഡോ ഉൾപ്പെടുത്തി മുകൾ നിലയിൽ ഒരുക്കിയ ഈ കിടപ്പുമുറിയുടെ ഹെഡ്സൈഡ് വാളിൽ സിമന്റ് ഫിനിഷ് ലൂവറു കൾക്കൊപ്പം മിറർ പാനലുകളും ഇടം നേടി.

**സ്റ്റോറേജ് സൗകര്യമുള്ള കസ്റ്റംമെയ്ഡ് ബെഡു കളാണ് കിടപ്പുമുറികളി ലെല്ലാം ഉള്ളത്. ഇവിടെ അടക്കം അക ത്തളത്തിലുടനീളം മൂഡ് ലൈറ്റിങ് ചെയ്തതും ശ്രദ്ധേയമാണ്**

കാർപോർച്ച്, കാർപോർച്ചിനേക്കാൾ 75 സെന്റീമീറ്റർ ഉയരത്തിൽ വീട്, വീടിന്റെ പിൻഭാഗത്ത് പൂന്തോട്ടം. പൂന്തോട്ടത്തിൽ നിന്ന് ലാൻഡ്സ്കേപ്പ് ചെയ്ത ഒരു പാസ്സേജിലൂടെ ക്രമീകരിച്ച വീൽചെയർ റാമ്പ് എന്നിങ്ങനെ വിവിധ ലെവലുകൾ ആയാണ് ഈ വീട് പണിതിരിക്കുന്നത്. ഗൃഹനാഥന് ശ്രീബുദ്ധനോടും അദ്ദേഹത്തിന്റെ ആശയങ്ങളോടുമുള്ള ആഭിമുഖ്യം കണക്കിലെടുത്ത് പേസ്റ്റൽ നിറങ്ങൾ ചാലിച്ചൊരുക്കിയ വീട്ടിൽ ബുദ്ധബിംബങ്ങൾ പരമാവധി ഉൾപ്പെടുത്തിയിട്ടുണ്ട്. വടക്കോട്ട് ദർശനമായ വീടിന്റെ കിഴക്ക് പടിഞ്ഞാറ് ഭാഗങ്ങളിൽ പരമാവധി ജനാലകൾ നൽകിയതിനൊപ്പം വീടിന്റെ കേന്ദ്രബിന്ദുവായ ഡൈനിങ്ങിൽ സ്കൈലിറ്റ് പർഗോള, ഡബിൾ ഹൈറ്റ് ജനാല എന്നിവയും ഒരുക്കിയിട്ടുണ്ട്. ഇതിനാൽ അകത്തളത്തിൽ പകൽവേളകളിൽ ഒരു ലൈറ്റ് പോലും ഓണാക്കേണ്ടി വരുന്നില്ല. വായു സഞ്ചാരം സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടെ 330 സെന്റീമീറ്റർ ഉയരത്തിൽ ഒരുക്കിയ അകത്തളത്തിൽ ഉടനീളം ഫാൾസ് സീലിങ്ങും ചെയ്തിട്ടുണ്ട്. വൈറ്റ് വുഡ്





↰ ഗ്രീൻ കളർ പിയു ഫിനിഷ് ക്യാബിനറ്റുകൾ നൽകിയാണ് ഹെഡ്സൈഡ് വാൾ ഹൈലൈറ്റ് ചെയ്തത്. ഇവിടെ ഉൾപ്പെടെ എല്ലായിടത്തും ഫാബ്രിക് ഫിനിഷ് ഹെഡ് റെസ്റ്റ് ആണ്.

^ ബോക്സ് ഡിസൈൻ സീലിങ്ങും ഫാബ്രിക് പാനൽ കോമ്പിനേഷൻ ഹെഡ്ബോർഡും ആണ് ഇവിടുത്തെ ഡിസൈൻ എലമെന്റുകൾ



< അത്യാധുനിക സൗകര്യങ്ങളുള്ള ഹോം തീയേറ്റർ

## കാന്റിലിവേർഡ് സ്പേസുകൾ സ്ട്രക്ചറിൽ ഉൾപ്പെടുത്തിയത് സ്ഥല വിനിയോഗത്തിന്റെ ഉദാത്ത മാതൃകയാണ്







പ്രണവ് പ്രദീപും കുടുംബവും


*ഈ വീടിന്റെ ഓരോ കോണും സങ്കൽപ്പിച്ചതിനേക്കാൾ പതിന്മടങ്ങ് മനോഹരമാണ്. കാന്റിലിവർ ചെയ്തൊരുക്കിയ കിടപ്പുമുറിയാണ് ഞങ്ങൾക്കേറ്റവും പ്രിയപ്പെട്ട ഇടം. ബുദ്ധപ്രതിമയും മത്സ്യക്കുളവും ചെറുവെള്ളച്ചാട്ടവും ഉൾപ്പെടുത്തിയ പാഷ്യോയിലാണ് ഞങ്ങൾ മിക്കവാറും സായാഹ്ന വേളകൾ ചെലവഴിക്കാറ്.*

| PROJECT DETAILS | |
|---|---|
| Engineers / Project Contractor / Interior Designer | Appus CB (Structural Engineer) 9995983479 & Akshay Antony KK (Civil Engineer) 9645688577 The Building Contractor 1st Floor, Thuruthiyil Building, Thiruvankulam, Muvattupuzha, Road, Thiruvankulam P.O Ernakulam - 682305 |
| Owner | Pranav Pradeep |
| Location | Thrippunithura, Ernakulam |
| Year of Completion | 2024 |
| Site Area | 8 Cents |
| Built Area | 3300 Sq.Ft |
| Structural Consultant | WVA Consulting Engineers Pvt. Ltd. 9745419909 |
| Interior Contractor | Casa Solutions 8075107686 |
| False ceiling/ Partition | Evershine Interiors 8547208304 |



**First Floor Plan**

| | |
|---|---|
| 1. Living | 420 x 436 |
| 2. Bar | 280 x 80 |
| 3. Balcony | 1100 x 150 |
| 4. Master Bed | 373 x 320 |
| 5. M. Bed Toilet | 230 x 160 |
| 6. Home Theatre | 350 x 480 |
| 7. Gym | 373 x 345 |
| 8. Open Terrace | 373 x 370 |
| 9. Guest Bed | 340 x 360 |
| 10. G. Bed Toilet | 150 x 230 |



**Ground Floor Plan**

| | | | |
|---|---|---|---|
| 1. Sit out | 549 x 135 | 8. G. Bed Toilet | 220 x 150 |
| 2. Living | 379 x 420 | 9. Dry Kitchen | 373 x 345 |
| 3. Dining | 357 x 420 | 10. Wet Kitchen | 360 x 373 |
| 4. Private Lawn Sit out | 396 x 150 | 11. Servant Toilet | 130 x 160 |
| 5. Patio | 250 x 736 | 12. Master Bed | 340 x 360 |
| 6. Lift or Courtyard | 373 x 355 | 13. M. Bed Toilet | 150 x 230 |
| 7. Guest Bed | 350 x 317 | | |





^
**കിച്ചൻ:**
വുഡ് ഗ്രേ തീമിൽ ഒരുക്കിയ കിച്ചന് പ്ലൈവുഡ് ലാമിനേറ്റ് ഫിനിഷാണ് നൽകിയത്. ഓട്ടോമാറ്റിക് ലൈറ്റിങ് ആണ് ഇവിടെ ചെയ്തത്. പ്ലൈവുഡ് സ്റ്റീൽ കോമ്പിനേഷൻ ഷെൽഫ് ആണ് തുറസ്സായ നയം പിന്തുടരുന്ന അടുക്കളയേയും ഡൈനിങ്ങിനേയും വേർതിരിക്കുന്നത്.

ഗ്രേ നിറങ്ങളിലുള്ള വിട്രിഫൈഡ് ടൈലുകളാണ് നിലമൊരുക്കാൻ ഉപയോഗിച്ചത്. ജിംനേഷ്യം, ഹോം തീയേറ്റർ, പാഷ്യോ, പ്രൈവറ്റ് സിറ്റൗട്ട്, ബില്യാർഡ്സ് സെന്റർ ടേബിൾ ഉൾപ്പെടുത്തിയ ബാർ മുതലായ റിക്രിയേഷണൽ ഏരിയകൾ ആധുനിക കാലഘട്ടത്തിന് ഏറെ അനുയോജ്യമായ ഈ വീടിന്റെ ഭാഗമാണ്. അന്തേവാസികളുടെ സ്വാസ്ഥ്യം ഉറപ്പു വരുത്തുന്നതിനായി ആധുനിക വാസ്തുബിംബങ്ങൾ എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിന്റെ ഉദാത്ത മാതൃകയാണ് ഈ വീട്. സുചിന്തിതമായ ഘടനയും അത്യാധുനിക സ്ട്രക്ചറൽ ഘടകങ്ങളും ചേരുമ്പോൾ എറണാകുളം ജില്ലയുടെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന ഈ വസതി അതുല്യവും അനുപമ സുന്ദരവും ആയിത്തീരുന്നു. ■